പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 6278

08.07.2014-ൽ മറുപടിക്ക്.

# പോലീസ് വകുപ്പിലെ സേവനാവകാശ നിയമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. പാലോട് രവി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | :(എ) സംസ്ഥാനത്തെ പോലീസ് വകുപ്പിൽ 01.02.2013 മുതൽ സേവനാവകാശ നിയമം നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത നിയമം വഴി എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | : (ബി) സേവനാവകാശ നിയമം വഴി പോലീസ് വകുപ്പിൽ താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാകുന്നുണ്ട്.<br>1. മൈക്ക് ഉപയോഗിക്കുന്നതിനുള്ള അനുവാദം<br>2. പ്രൊസഷനുകൾ നടത്തുന്നതിലുള്ള അനുവാദം<br>3. പാസ്പോർട്ട് അന്വേഷണം<br>4. പരാതി അന്വേഷണം<br>5. പരാതികൾക്ക് കൈപ്പറ്റ് രസീത് നൽകുന്നത്<br>6. എഫ്.ഐ.ആറിന്റെ പകർപ്പ് നൽകുന്നത്<br>7. പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റ് നൽകുന്നത്<br>8. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നത്<br>9. ആയുധങ്ങളും സ്ഫോടക വസ്തുക്കളും സംബന്ധിച്ച ലൈസൻസുകൾ നൽകുന്നത്<br>10. ജോലി സംബന്ധമായ വെരിഫിക്കേഷൻ<br>11. വിദേശികളുടെ രജിസ്ട്രേഷൻ<br>12. കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി വിട്ടുകൊടുക്കുന്നത്<br>13. സമൻസുകൾ നൽകുന്നതും വാറണ്ടുകൾ നടപ്പിലാക്കുന്നതും<br>14. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികളിന്മേലുള്ള അന്വേഷണം |

(സി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ജനങ്ങൾക്കിടയിൽ ഇത് സംബന്ധിച്ച് വേണ്ടത്ര പ്രചരണം നല്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

:

(സിയും, ഡിയും) പോലീസ് വകുപ്പിലെ സേവനാവകാശം സംബന്ധിച്ചുള്ള വിജ്ഞാപനം സർക്കാർ ഗസറ്റിലും, കേരളാ പോലീസ് വെബ് സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ പൊതുജനങ്ങൾക്കായി നോട്ടീസ് ബോർഡിൽ ഇക്കാര്യം പ്രദർശിപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പോലീസ് വകുപ്പിന്റെ സേവനാവകാശങ്ങൾ സംബന്ധിച്ച് എല്ലാ മാസവും റിപ്പോർട്ട് നൽകുവാനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ